എന്നെ കൈ പിടിച്ചു നടത്തുന്ന സ്നേഹം
എന്നെ കൈകളിൽ താങ്ങിടുന്ന സ്നേഹം
എന്നെ തോളിലേറ്റും താരാട്ടു പാടും
മെല്ലെ ചാഞ്ചക്കം ആട്ടുന്ന  സ്നേഹം
ആ സ്നേഹം  ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ്  ദൈവം

(എന്നെ കൈ പിടിച്ചു..........ആ ദിവ്യ സ്നേഹമാണ്
 ദൈവം)

എന്റെ കഷ്ടതകൾ നീക്കിടുന്ന സ്നേഹം
എന്റെ ദുഃഖങ്ങൾ ഏറ്റു വാങ്ങും സ്നേഹം (2)
എന്റെ മുറിവുകളിൽ ആശ്വാസമേകി
എന്റെ മിഴിനീരു മായ്ക്കുന്ന സ്നേഹം
ആ സ്നേഹം  ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ്  ദൈവം

എന്റെ പാപങ്ങൾ നീക്കിടുന്ന സ്നേഹം
എന്റെ ഭാരങ്ങൾ താങ്ങിടുന്ന സ്നേഹം (2)
എന്റെ ആത്മാവിൽ ആമോദമേകി
എന്നെ മാറോടു ചേർക്കുന്ന സ്നേഹം
ആ സ്നേഹം  ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ്  ദൈവം

എന്നെ കൈ പിടിച്ചു നടത്തുന്ന സ്നേഹം
എന്നെ കൈകളിൽ താങ്ങിടുന്ന സ്നേഹം
എന്നെ തോളിലേറ്റും താരാട്ടു പാടും
മെല്ലെ ചാഞ്ചക്കം ആട്ടുന്ന  സ്നേഹം
ആ സ്നേഹം  ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ്  ദൈവം